"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - കൊല്ലം പോരേടം വിവേകാനന്ദ എച്ച്.എസ്.ലെ ക്ലാർക്ക് ശ്രീ.സജു കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.2291/2024-ൽ 19/01/2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4446/2024/GEDN തീയതി,തിരുവനന്തപുരം, 18-07-2024

പരാമർശം:-
1. ശ്രീ. സജു.കെ സർക്കാരിൽ സമർപ്പിച്ച 22/12/2023ലെ റിവിഷൻ പെറ്റിഷൻ (എക്സിബിറ്റ് പി 7)
2. റിട്ട് ഹർജി നം.2291/2024-ൽ 19/01/2024 തീയതി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11/6/2024ലെ R5/11545/2024/DGE നമ്പർ ഹിയറിംഗ് റിപ്പോർട്ട്
4. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/6/2024ലെ DEOPLR/815/2024-B6 നമ്പർ ഹിയറിങ് റിപ്പോർട്ട്
5. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 14/6/2024ലെ DDEKLM/810/2024-B6 നമ്പർ ഹിയറിങ് റിപ്പോർട്ട്

**ഉത്തരവ്**

കൊല്ലം പോരേടം വിവേകാനന്ദ എച്ച്.എസ്.ലെ ക്ലാർക്ക് ശ്രീ.സജു കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.2291/2024-ൽ 19/01/2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി 7 റിവിഷൻ ഹർജി പരിശോധിച്ച്, ബന്ധപ്പെട്ടവരെ നേരിൽ കേട്ട്, വിധിന്യായത്തിന്റെ പകർപ്പ് ലഭ്യമായി 4 മാസത്തിനുള്ളിൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 19.06.2024 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരൻ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

**ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.**

4. 25/01/2000 ൽ പോരേടം വിവേകാനന്ദ ഹൈസ്കൂളിൽ എഫ്.ടി.എം ആയി സർവ്വീസിൽ പ്രവേശിച്ച തനിയ്ക്ക് 17/07/2006 പ്രാബല്യത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിട്ടും 01/06/2013

പ്രാബല്യത്തിൽ ക്ലാർക്കായിട്ടും സ്ഥാനക്കയറ്റം ലഭിച്ചു. ഇപ്പോഴും ക്ളാർക്കായി തുടരുന്നു. തന്റെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് പരിഗണിച്ച് എട്ട് വർഷത്തിന്റെ ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്. ക്ലാർക്ക് തസ്തികയിൽ എട്ട് വർഷം പൂർത്തിയായതിനെ തുടർന്ന് 01/06/2021 പ്രാബല്യത്തിൽ ക്ലാർക്കിന്റെ ഹയർ ഗ്രേഡ് ലഭിച്ചു.

5. രാമനാട്ടുകര എസ് പി ബി എച്ച് എസ് എസ് ലെ ക്ലാർക്ക് ശ്രീ. സുജീഷ്.എൻ.റ്റി മുതൽ പേർ ഫയൽ ചെയ്ത റിട്ട് ഹർജി നം. 39679/2022 ലെ 08/12/2022 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചുകൊണ്ട് 18/09/2023 ൽ പുറപ്പെടുവിച്ച സ.ഉ(സാധാ) നം.5239/2023/GEDN പ്രകാരം ഹർജിക്കാരായ എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരുടെ ക്ലാർക്ക് പ്രൊമോഷന് മുമ്പുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് കൂടി പരിഗണിച്ച് ക്ലാർക്കിന്റെ സ്കെയിലിൽ ഹയർഗ്രേഡ് പ്രൊമോഷൻ അനുവദിച്ചു. ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ പ്രവേശിച്ച് പിന്നീട് ക്ലാർക്കായി പ്രൊമോഷൻ ലഭിച്ചവരുടെ കാര്യത്തിൽ അവരുടെ എൻടി കേഡർ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് ആയിരിക്കുമെന്നും സമയബന്ധിത ഹയർഗ്രേഡുകൾ എൻടികേഡറിനെ അടിസ്ഥാനമാക്കിയാണ് അർഹമാകുന്നതെന്നും സ്പഷ്ടീകരിച്ചു കൊണ്ടാണ് 18/09/2023 ലെ സർക്കാർ ഉത്തരവിൽ മേൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ അനുവദിച്ചത്.

6. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ 18/09/2023 ലെ സ.ഉ.(സാധാ) നം.5239/2023/പൊ.വി.വ പ്രകാരം കോഴിക്കോട്, രാമനാട്ടുകര എസ് പി ബി എച്ച് എസ് എസ് -ലെ ക്ലാർക്കായ ശ്രീ.സുജീഷ്.എൻ.റ്റി മുതൽ പേർക്ക് അനുവദിച്ച ഗ്രേഡ് ആനുകൂല്യങ്ങൾ അതേ വ്യവസ്ഥകളോടെ തനിക്കും അനുവദിച്ച് ഉത്തരവാകണമെന്നാണ് അപേക്ഷ.

**ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്**

7. വിവേകാനന്ദ എച്ച് എസ് പോരേടം സ്കൂളിലെ ക്ലാർക്ക് ആയി സേവനത്തിൽ തുടരുന്ന ശ്രീ.സജു.കെ 25/01/2000 ൽ എഫ്.ടി.എം ആയി സേവനത്തിൽ പ്രവേശിക്കുകയും 17/06/2006 ൽ ആഫീസ് അറ്റൻഡന്റ് ആയും 01/06/2013 ൽ ക്ലാർക്ക് ആയി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

8. ശ്രീ.സജു കെ 01/06/2013 തീയതി പ്രാബല്യത്തിലുള്ള സ്ഥാനക്കയറ്റത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 28 എ പാർട്ട് 1 കെ എസ് ആർ പ്രകാരം വേതനം ക്രമീകരിച്ച് നൽകിയിട്ടുള്ളതും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 8 വർഷത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് നൽകിയിട്ടുള്ളതുമാണ്. 25/01/2000 മുതലുള്ള എഫ്.ടി.എം എൻടി കേഡർ സേവനം ചേർത്ത് 25/01/2015 തീയതി പ്രാബല്യത്തിൽ 15 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡും 25/01/2022 തീയതി പ്രാബല്യത്തിൽ 22 വർഷത്തെ ഹയർ ഗ്രേഡും അനുവദിച്ചു കൊണ്ട് തുടർന്നുള്ള വേതനം ക്രമീകരിക്കാനുള്ള അപേക്ഷ ഈ കാര്യാലയത്തിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ ടി അപേക്ഷ താഴെപറയുന്ന കാരണങ്ങളാൽ നിരസിച്ചു നൽകി.

9. ശ്രീ.സജു.കെ സമർപ്പിച്ച അപേക്ഷക്ക് ആധാരമായ സർക്കാർ ഉത്തരവ് ബഹു. കേരളാ ഹൈക്കോടതിയുടെ WP(C)39679/2022 മേലുള്ള 08/12/2022 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചില ജീവനക്കാർക്ക് വേണ്ടി മാത്രം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

10. എൻട്രി തസ്തികയും സ്ഥാനക്കയറ്റം ലഭിച്ച ക്ലാർക്ക് തസ്തികയും ചേർത്ത് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് പൊതുവായ സർക്കാർ ഉത്തരവുകൾ ഒന്നും തന്നെ നിലവിലില്ല.

11. 25/01/2000 മുതലുള്ള ടിയാന്റെ എഫ്.ടി.എം. (എൻട്രി കേഡർ) സേവനം ചേർത്ത് സർക്കാരിൽ നിന്നുള്ള 18/09/2023 ലെ സ.ഉ(സാധാ) നം. 5239/2023/പൊ.വി.വ നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ 25/01/2022 ൽ 22 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് തുടർന്നുള്ള വേതനം ക്രമീകരിക്കണം എന്നാണ് ടിയാന്റെ ആവശ്യം. ശ്രീ. സജു.കെ സമർപ്പിച്ച അപേക്ഷയ്ക്ക് ആധാരമായ സർക്കാർ ഉത്തരവ് ബഹു. കേരളാ ഹൈക്കോടതിയുടെ ഡബ്ല്യു.പി(സി) 39679/2022 ന്മേലുള്ള 08/12/2022 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചില ജീവനക്കാർക്ക് വേണ്ടി മാത്രം പുറപ്പെടുവിച്ചിട്ടുള്ളതായതിനാലും , ടിയാന്റെ അപേക്ഷയിലെ ആവശ്യം പരിഗണിക്കുന്നതിന് പൊതുവായ ഉത്തരവുകൾ ഒന്നും തന്നെ നിലവിൽ ഇല്ലാത്തതിനാലുമാണ് ടിയാന്റെ അപേക്ഷ നിരസിച്ച് നൽകിയത് എന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

12. **സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.**

ഈ വിഷയം പരിശോധിച്ചതു സംബന്ധിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

13. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന പോരേടം വിവേകാനന്ദ എച്ച്.എസ് ൽ 25/01/2000 ൽ എഫ്.ടി.എം ആയി ജോലിയിൽ പ്രവേശിച്ച ഹർജിക്കാരന് 17/07/2006 പ്രാബല്യത്തിൽ OA ആയും 01/06/2013 പ്രാബല്യത്തിൽ ക്ലാർക്കായും പ്രമോഷൻ ലഭിച്ചിട്ടുണ്ട്. 2 തസ്തികയിലും 8 വർഷം പൂർത്തിയായപ്പോൾ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്.

14. സ.ഉ.(സാധാ) നം.5239/2023/പൊ.വി.വ തീയതി 18/09/2023 ന്റെ അടിസ്ഥാനത്തിൽ, തന്റെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് എൻട്രി തസ്തികയായി പരിഗണിച്ച് ക്ലാർക്ക് തസ്തികയിൽ അർഹമായ ഹയർ ഗ്രേഡുകൾ അനുവദിക്കണം എന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം. ഈ വിഷയത്തിൽ പൊതുവായ സർക്കാർ ഉത്തരവുകൾ ഒന്നും തന്നെയില്ല എന്ന കാരണത്താലാണ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഹർജിക്കാരന്റെ അപേക്ഷ നിരസിച്ചിട്ടുള്ളത്.

15. കെ.ഇ.ആർ അദ്ധ്യായം XXIV A ചട്ടം 1 പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ പ്രൊമോഷൻ തസ്തിക ആണ് LD ക്ലാർക്ക് തസ്തിക. എൻട്രി തസ്തിക അടിസ്ഥാനമാക്കിയാണ് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്.

16. എയ്ഡഡ് സ്കൂൾ ക്ലർക്കുമാർ പ്രധാനമായും രണ്ടു രീതിയിലുള്ളവരാണ് 1. ലാസ്റ്റ് ഗ്രേഡിൽ നിന്നും പ്രൊമോഷൻ ലഭിച്ച് ക്ലർക്കാവുന്നവരും 2. ക്ലർക്ക് തസ്തികയിൽ സേവനമാരംഭിച്ച് ക്ലർക്ക് തസ്തിക എൻട്രി തസ്തികയായി തുടരുന്നവരും. ഇരു കൂട്ടർക്കും ഒരുപോലെയല്ല സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. KER Chapter XXIV A യിനു കീഴിലെ Rule 1 Explanation II പ്രകാരം The post of Lower Division Clerk shall be filled up by promotion of Attenders, Peons, Sweepers and other staff, if they possess the qualification prescribed for the

Lower Division Clerk എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതായത്, എൻടി തസ്തികയെ അടിസ്ഥാനമാക്കിയാണ് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. അതിനാൽ ലാസ്റ്റ് ഗ്രേഡിൽ നിന്നും പ്രൊമോഷൻ ലഭിച്ച് ക്ലർക്കാവുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ എൻടി തസ്തിക ലാസ്റ്റ് ഗ്രേഡ് തന്നെയായിരിക്കും. (for the purpose of granting TBHGs) ഇത്തരക്കാർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിർദ്ദിഷ്ട വർഷ യോഗ്യതാ സേവനകാലയളവുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സമയ ബന്ധിത ഹയർ ഗ്രേഡുകൾ ചുവടെപ്പറയുന്ന വ്യവസ്ഥകളോടെ അനുവദിക്കാവുന്നതാണ്.

i) എയ്ഡഡ് സ്കൂളുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തിക എഫ്.ടി.എം., പ്യൂൺ, സ്വീപ്പർ, വാച്ച്മാൻ എന്നിങ്ങനെ പല തസ്തികകൾ ഉൾപ്പെട്ടതാണ്. ഇവരിൽ നിന്നും ക്ലർക്ക് തസ്തികയ്ക്ക് വേണ്ട യോഗ്യതകൾ നേടിയിട്ടുള്ളവരെ മാത്രമാണ് ടി പ്രൊമോഷന് പരിഗണിക്കുന്നത്. ലാസ്റ്റ് ഗ്രേഡിൽ നിന്നും ആദ്യ പ്രൊമോഷനായി ക്ലർക്ക് നിയമനം ലഭിക്കുന്നവർക്ക് ആദ്യ സമയ ബന്ധിത ഹയർ ഗ്രേഡ് ലഭിക്കുന്നതിന് അർഹതയില്ല.

ii) എന്നാൽ ലാസ്റ്റ് ഗ്രേഡിൽ തന്നെ എഫ്.ടി.എം ആയി നിയമിക്കപ്പെട്ട ഒരു ജീവനക്കാരന് ആദ്യമായി പ്യൂൺ പ്രൊമോഷൻ ലഭിക്കുകയും (ഒരേ സ്കെയിലാണെന്നതിനാൽ അഡ്വാൻസ് ഇൻക്രിമെന്റ് മാത്രമാണ് ടി അവസരത്തിൽ നല്കുന്നത് എന്നതിനാൽ) ടിയാളുകൾക്ക് എഫ്.ടി.എം, പ്യൂൺ എന്നീ തസ്തികകളിൽ തന്നെ തുടരുകയാണെങ്കിൽ അഡ്വാൻസ് ഇൻക്രിമെന്റ് നല്കാതെയുള്ള ശമ്പളം കണക്കിലെടുത്ത് ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് നൽകാവുന്നതും തുടർന്നാണ് ക്ലർക്ക് പ്രൊമോഷൻ ലഭിക്കുന്നതെങ്കിൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡിനായിരിക്കും അർഹതയില്ലാതാകുന്നത്.

iii) ലാസ്റ്റ് ഗ്രേഡിൽ നിന്നും ഗ്രേഡ് ലഭിച്ച ശേഷമോ അല്ലാതെയോ ക്ലർക്ക് പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാർക്ക് തുടർന്ന് അർഹമായ ഗ്രേഡുകൾ കണക്കാക്കേണ്ടത് ക്ലർക്ക് തസ്തികയിലെ ഗ്രേഡുകൾ എന്നല്ല, മറിച്ച് എൻടി തസ്തികയായ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ലഭിക്കേണ്ട തുടർ ഗ്രേഡുകളാണ്. അതിൻപ്രകാരം ശമ്പള പരിഷ്കരണ ഉത്തരവുകളിലെ List of Standard scales ലെ (അനക്സർ I) പ്രകാരം ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലുകളിലാണ് ഇത്തരക്കാർക്ക് തുടർ സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുവാൻ അർഹതയുള്ളത്.

17. പ്രസ്തുത സാഹചര്യത്തിൽ, മേൽ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ഹർജിക്കാരന്റെ ലാസ്റ്റ്ഗ്രേഡ് സേവനം കൂടി കണക്കിലെടുത്ത് 22 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് 22 വർഷ ഹയർഗ്രേഡ്, നിലവിലെ ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥ പ്രകാരമുള്ള സ്കെയിലിൽ അനുവദിച്ച് നല്കാവുന്നതാണ് എന്ന നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നല്കിക്കൊണ്ട് അപ്രകാരം ശ്രീ.സജു കെ. ഫയൽ ചെയ്ത റിട്ട് ഹർജി നം.2291/2024-ൽ 19/01/2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ. സജു കെ., ക്ലർക്ക്, വിവേകാനന്ദ ഹൈസ്കൂൾ, പോരേടം, കൊല്ലം-691 534
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ
മാനേജർ, വിവേകാനന്ദ ഹൈസ്കൂൾ, പോരേടം, കൊല്ലം-691 534
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 18-07-2024 14:36:51
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.